# മസ്തിഷ്കയുദ്ധം നേരിടുമ്പോൾ

**കഴിഞ്ഞ** ഫെബ്രുവരി ആദ്യവാരം ഒരു പ്രതിനിധി സംഘം ദൽഹി സന്ദർശിക്കുകയുണ്ടായി. ഒരു അസാധാരണ സംഘമായിരുന്നു ഇത്. ഇസ്രയേലിലെ ജൂതപുരോഹിതന്മാരായിരുന്നു സംഘാംഗങ്ങളിൽ ഭൂരിപക്ഷവും. യൂറോപ്യൻ നാടുകളിൽനിന്നുള്ള ഏതാനും യഹൂദറബ്ബിമാരും കൂട്ടത്തിലുണ്ടായിരുന്നു. വേൾഡ് കൗൺസിൽ ഓഫ് റിലീജിയസ് ലീസേഴ്സിന്റെ പദ്ധതിയനുസരിച്ച് ലോകസമാധാനം ത്വരിപ്പിക്കുക എന്ന ലക്ഷ്യത്തോടെയുള്ള പര്യടനം എന്നാണീ സന്ദർശനത്തെക്കുറിച്ചുള്ള ഔദ്യോഗികപ്രചാരണം. ആർ.എസ്.എസ് ആയിരുന്നു സംഘത്തിന്റെ ആതിഥേയർ. അവരെ ഇന്ത്യയിലേക്കു ക്ഷണിച്ചതും ആർ.എസ്.എസ് തന്നെ. സംഘത്തിന്റെ വരവു പ്രമാണിച്ച് ദൽഹിയിൽ സമാധാന സമ്മേളനവും നടന്നു. അതിൽ ഏറെ ചർച്ച ചെയ്യപ്പെട്ടത് യഹൂദ-ഹൈന്ദവ ഐക്യമായിരുന്നു. ഇന്ത്യയിലെ ഏതാനും മുസ്‌ലിം പ്രമുഖന്മാരുമായും സംഘം കൂടിക്കാഴ്ചകൾ നടത്തുകയുണ്ടായി. ബി.ജെ.പി നേതാവ് എൽ.കെ അദ്വാനിയുടെ വസതിയിൽ വെച്ചായിരുന്നു ഒന്നാമത്തെ യഹൂദ-മുസ്‌ലിം കൂടിക്കാഴ്ച. രണ്ടാമത്തേത് സമാധാന സമ്മേളനത്തിനു തൊട്ടുടനെ ഒരു വൻകിട ഹോട്ടലിൽ വെച്ചും. ഈ കൂടിക്കാഴ്ചകളെ മുസ്‌ലിം സമുദായത്തിൽ ചിലർ രൂക്ഷമായി എതിർത്തത് സ്വാഭാവികമാണ്.

ഫലസ്ത്വീനികളെ അവരുടെ ഭൂമിയിൽനിന്ന് ആട്ടിയോടിച്ച് അധാർമികമായി സ്ഥാപിച്ച ഫാഷിസ്റ്റ് വർഗീയ രാഷ്ട്രമാണ് ഇസ്രയേൽ. കഴിഞ്ഞ ആറു ദശകങ്ങളായി അറബികൾക്കെതിരെ അവർ നടത്തിക്കൊണ്ടിരിക്കുന്ന നിഷ്ഠുരമായ അക്രമങ്ങൾ നിർബാധം തുടരുകയാണിന്നും. ഇന്ത്യയിൽ നിന്ന് മുസ്‌ലിംകളെ ഉന്മൂലനം ചെയ്യുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിച്ചുവരുന്ന സംഘടനയാണ് ആർ. എസ്.എസ്. ഇന്ത്യയിൽ നടന്ന മുസ്‌ലിം വിരുദ്ധ കലാപങ്ങളിലെല്ലാം മുഖ്യ പങ്കാളികളാണവർ. സയണിസ്റ്റ് റബ്ബികളുടെ ദൽഹി സന്ദർശനത്തിന്റെ യഥാർഥ ലക്ഷ്യം യഹൂദ-ഹൈന്ദവ ഐക്യത്തിന്റെ പ്രോട്ടോക്കോളിനു മൂർത്തരൂപം നൽകി ഭദ്രമാക്കുക എന്നതായിരുന്നു. സമാധാന സമ്മേളനത്തിൽ നടന്നതും അതാണ്. യഥാർഥ അജണ്ടയിന്മേൽ ഇട്ട പർദ മാത്രമായിരുന്നു 'ലോകസമാധാനം.' ആ പർദക്ക് കട്ടി കൂട്ടാനുള്ളതായിരുന്നു മുസ്‌ലിം പ്രമുഖരുമായുള്ള കൂടിക്കാഴ്ചകൾ. മുസ്‌ലിംകൾ അതിനു വഴങ്ങാൻ പാടില്ലായിരുന്നു. സയണിസ്റ്റുകളും സ്വയംസേവകരും തമ്മിൽ യോജിക്കുന്ന ബിന്ദുക്കൾ മുസ്‌ലിം വിരോധവും ഫാഷിസവും വർഗീയതയും മാത്രമാണ്. യഹൂദ-ഹൈന്ദവ ഐക്യം ആവശ്യപ്പെടുംവണ്ണം ഹിന്ദുക്കളും യഹൂദരും തമ്മിൽ ഒരു സംഘർഷവും ഇപ്പോഴില്ല. പിന്നെ ഇത്തരമൊരു ഐക്യം ആവശ്യമായിവരിക ഇരു കൂട്ടർക്കും ഒരു പൊതുശത്രുവിനെ നേരിടേണ്ട സാഹചര്യമുള്ളപ്പോഴാണ്. ആർ.എസ്.എസ്സിനും സയണിസ്റ്റുകൾക്കും മുസ്‌ലിംകളല്ലാതെ മറ്റാരാണ് പൊതുശത്രുവായിട്ടുള്ളത്. സയണിസ്റ്റ് സ്വയം സേവക് ബന്ധത്തിലെ മുസ്‌ലിം വിരുദ്ധ ജാരസന്തതിയുടെ പ്രസവത്തിന് മറപിടിക്കുകയായിരുന്നു യഹൂദ റബ്ബികളുമായി സംഭാഷണത്തിനു പോയവർ ചെയ്തത്; എന്നിങ്ങനെ പോകുന്നു വിമർശനങ്ങൾ. ഈ വിമർശനങ്ങളെല്ലാം അതിന്റെ സ്ഥാനത്ത് സാധുവാണ്. അതിനു പിന്നിലെ വികാരം മനസ്സിലാക്കാവുന്നതുമാണ്.

എന്നാൽ ഈ വിഷയത്തിന് പരിഗണനനീയമായ ഒരു മറുവശമുള്ളത് ചൂണ്ടിക്കാണിക്കപ്പെടേണ്ടതാണെന്ന് ഞങ്ങൾക്ക് തോന്നുന്നു. ഒന്നാമതായി സംഭാഷണം ബദ്ധശത്രുക്കളോടായാലും വിലക്കപ്പെട്ട കാര്യമല്ല. മറുപക്ഷത്തിന്റെ കുത്സിത ലക്ഷ്യങ്ങളെ പിന്തുണക്കാനും അവരെ പ്രീണിപ്പിക്കാനും വേണ്ടിമാത്രമുള്ള സംഭാഷണമാണ് ഗർഹണീയവും സമുദായവഞ്ചനയുമാകുന്നത്. മുഹമ്മദ് നബി(സ) ഇസ്‌ലാം പ്രബോധനം ചെയ്തത് മിത്രങ്ങളോടെന്ന പോലെ ശത്രുക്കളോടും സംഭാഷണങ്ങൾ നടത്തിയാണ്. അക്കൂട്ടത്തിൽ യഹൂദരുമുണ്ടായിരുന്നു. 'നമ്മൾ പൊതുവായി അംഗീകരിക്കുന്ന ആദർശങ്ങളിലേക്ക് വരിക' എന്നു ക്ഷണിക്കുകയായിരുന്നു യഹൂദരടക്കമുള്ള വേദക്കാരോടു പ്രവാചകൻ സ്വീകരിച്ച സമീപനം. സംഘർഷങ്ങൾ ലഘൂകരിക്കാനും തർക്കങ്ങളിൽ സമവായം കണ്ടെത്താനുമുള്ള ലളിതവും സമാധാനപരവുമായ മാർഗം സൗഹാർദ സംഭാഷണം തന്നെയാണ്. യഹൂദന്മാർക്ക് അവരുടെ ഇന്ത്യയിലെ ആതിഥേയരേക്കാൾ യോജിക്കാവുന്ന മേഖലകളുള്ളത് മുസ്‌ലിംകളുമായിട്ടാണ്. ഏകദൈവവിശ്വാസികളാണിരുകൂട്ടരും. അബ്രഹാം, മോശെ തുടങ്ങിയ പുണ്യാത്മാക്കളെ രണ്ടുകൂട്ടരും ആദരിക്കുകയും പിൻപറ്റുകയും ചെയ്യുന്നു. യഹൂദ-മുസ്‌ലിം സൗഹൃദവും സംഭാഷണവും ആവശ്യപ്പെടുന്നതാണിത്തരം വിഷയങ്ങൾ. ഫലസ്ത്വീൻ ജനതക്കെതിരെ ഇസ്രയേൽ അഴിച്ചുവിട്ടുകൊണ്ടിരിക്കുന്ന ക്രൂരമായ അക്രമങ്ങളും ഒപ്പം സംഭാഷണ വിഷയമാക്കാവുന്നതാണ്. ഫലസ്ത്വീൻ പ്രശ്നത്തിൽ ഇന്ത്യൻ മുസ്‌ലിംകളുടെ നിലപാടും വികാരങ്ങളും അവരെ അറിയിക്കുകയും ചെയ്യാം. (റബ്ബികളുമായി കൂടിക്കാഴ്ച നടത്തിയ മുസ്‌ലിം നേതാക്കൾ ഈ വിഷയങ്ങളൊക്കെ ചർച്ചചെയ്തോ എന്നറിഞ്ഞുകൂടാ).

യഹൂദ സംഘവുമായി കൂടിക്കാഴ്ച നടത്തിയ മുസ്‌ലിം നേതാക്കളിലൊരാൾ ജാമിഅ മില്ലിയ്യയിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇസ്‌ലാമിക് സ്റ്റഡീസ് ഡയറക്ടർ പ്രഫ. അഖ്തറുൽ വാസിഅ് ആയിരുന്നു. സംഭവം വിവാദമായപ്പോൾ അദ്ദേഹം പുറത്തിറക്കിയ പ്രസ്താവനയിൽ, ഇസ്‌ലാം മതത്തിന്റെയും യഹൂദ മതത്തിന്റെയും പൊതു ഇടങ്ങളെക്കുറിച്ചാണ് താൻ യഹൂദസംഘവുമായി സംസാരിച്ചതെന്നും ഇസ്രയേലി റബ്ബിയായ യോനമെസ്ഗർ തന്റെ വീക്ഷണങ്ങളോട് യോജിപ്പു പ്രകടിപ്പിച്ചുവെന്നും പറയുന്നുണ്ട്. ഫലസ്ത്വീൻ പ്രശ്നത്തിൽ ഇന്ത്യൻ മുസ്‌ലിംകളുടെ വികാരം പ്രതിനിധിസംഘത്തെ ബോധ്യപ്പെടുത്തിയതായും അദ്ദേഹം അവകാശപ്പെട്ടു. റബ്ബി സംഘവുമായി കൂടിക്കാഴ്ച നടത്തിയ മറ്റൊരു മുസ്‌ലിം പ്രമുഖൻ ഇന്ത്യൻ ഇസ്‌ലാമിക് കൾച്ചറൽ സെന്റർ പ്രസിഡന്റ് സിറാജുദ്ദീൻ ഖുറൈശിയാണ്. ഫെബ്രുവരി 11-ന് അദ്ദേഹം വിളിച്ചുചേർത്ത പത്രസമ്മേളനത്തിൽ വെളിപ്പെടുത്തിയതും ഏറക്കുറെ പ്രഫ. അഖ്തർ പറഞ്ഞ കാര്യങ്ങൾ തന്നെയാണ്. ഇതു ശരിയാണെങ്കിൽ അവരുടെ കൂടിക്കാഴ്ചകൾ ആക്ഷേപാർഹമാകുന്നില്ല.

യഹൂദന്മാരൊന്നടങ്കം സയണിസ്റ്റുകളോ അക്രമത്തിലൂടെ സ്ഥാപിതമായ ഇസ്രയേലിനെ സ്വന്തം മതരാഷ്ട്രമായി അംഗീകരിക്കുന്നവരോ അല്ല എന്നതും പരിഗണിക്കപ്പെടേണ്ട സംഗതിയാണ്. ഇസ്രയേൽ വിരുദ്ധ വിഭാഗങ്ങളും അക്കൂട്ടത്തിലുണ്ട്. ദൽഹി സന്ദർശിച്ച സംഘത്തിൽ ആ വിഭാഗങ്ങളെ പ്രതിനിധീകരിക്കുന്നവരുണ്ടായിരുന്നുവോ എന്നറിഞ്ഞുകൂടാ. ആരും ഉണ്ടായിരുന്നില്ലെങ്കിൽ തന്നെയും വിദേശങ്ങളിൽ നിന്നുള്ള യഹൂദനേതാക്കളോട് ഇന്ത്യൻ മുസ്‌ലിംകൾ കാണിക്കുന്ന യുക്തിശൂന്യമായ വിരോധം അതതു നാടുകളിലുള്ള മുസ്‌ലിംകളോട് അവർക്ക് വിരോധം വർധിക്കാൻ കാരണമാകില്ലേ എന്നാലോചിക്കേണ്ടതാണ്.

മുസ്‌ലിം ലോകം അതി സന്ദിഗ്ധമായ ഒരു അവസ്ഥാവിശേഷത്തിലൂടെ കടന്നുപൊയ്ക്കൊണ്ടിരിക്കുകയാണ്. സായുധവും സാമ്പത്തികവും സാംസ്കാരികവും ബൗദ്ധികവുമായ ബഹുവിധ സമ്മർദങ്ങൾ നാനാഭാഗത്തുനിന്നുമുണ്ട്. പാരമ്പര്യ വികാരാവേശങ്ങൾ മാറ്റിവെച്ച് യുക്തിപൂർവം ദീർഘദൃഷ്ടിയോടെ പ്രവർത്തിക്കേണ്ട സന്ദർഭമാണിത്. ധിഷണാശേഷിയുള്ള മസ്തിഷ്കവും പക്വമായ മനസ്സും കൊണ്ടുവേണം മസ്തിഷ്കയുദ്ധത്തെ നേരിടാൻ. ■